പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*261 — 12/03/2018 -ൽ മറുപടിയ്ക്ക്

## സർവ്വകലാശാലകൾക്ക് നാഷണൽ അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ നൽകിയ ഗ്രേഡിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആൻ്റണി ജോൺ<br>,, റ്റി.വി.രാജേഷ്<br>,, വി. ജോയി<br>,, പി.കെ. ശശി | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക്, നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഗ്രേഡിംഗ് അറിയിക്കാമോ; | (എ) | നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുള്ള ഗ്രേഡിംഗ് ചുവടെ ചേർക്കുന്നു.<br><br>1. കേരള യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>2. മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റി -എഗ്രേഡ്<br>3. കണ്ണൂർ യൂണിവേഴ്സിറ്റി - ബി ഗ്രേഡ്<br>4. ശ്രീ.ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>5. കൊച്ചിൻ യൂണിവേഴ്സിറ്റി - എഗ്രേഡ്<br>6. കാലിക്കറ്റ് യൂണിവേഴ്സിറ്റി - എ ഗ്രേഡ്<br>7. നുവാൽസ്<br>8. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല<br>(7, 8) } NAAC ന്റെ അക്രഡിറ്റേഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗ്രേഡിംഗിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കുന്നതെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ മിക്ക സർവ്വകലാശാലകളിലും അധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കാനായി എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഗ്രേഡിംഗിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. ക്രൈറ്റീരിയൻ തിരിച്ചുള്ള വിശകലനം<br>2.കരിക്കുലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ<br>3. റ്റീച്ചിംഗ്- ലേണിംഗ് വിലയിരുത്തൽ<br>4. അടിസ്ഥാനസൗകര്യങ്ങളും ലേണിംഗ് റിസോഴ്സുകളും<br>5. സ്റ്റുഡൻറ്സ് സപ്പോർട്ടും പുരോഗതിയും<br>6. ഗവേർണൻസ്, ലീഡർഷിപ്പ് , മാനേജ്മെൻറ് എന്നിവ<br>7. ഗവേഷണം, കൺസൾട്ടൻസി & എക്സ്റ്റൻഷൻ<br>8. ഇന്നവേഷനുകളും നല്ല പ്രവണതകളും<br>9. മൊത്തമായ വിലയിരുത്തൽ |

| | | | |
|---|---|---|---|
| | | | വിവിധ സർവ്വകലാശാലകളിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അടിസ്ഥാന സൗകര്യങ്ങളും ഗവേഷണ സൗകര്യങ്ങളും വർദ്ധിപ്പിക്കാനായി ആവിഷ്കരി ച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | (സി) | മറുപടി അനുബന്ധം -I ആയി ചേർക്കുന്നു. |
| (ഡി) | തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആവിഷ്കരിക്കണമെന്ന നിർദ്ദേശം, ജ്ഞാന സമ്പാദനത്തേക്കാൾ തൊഴിൽ സമ്പാദന ഇടങ്ങളായി ഉന്നത വിദ്യാഭ്യാസരംഗത്തെ മാറ്റുന്നതിന് ഇടയാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് അറിയിക്കാമോ? | (ഡി) | പരമ്പരാഗത രീതിയിലുള്ള കോഴ്സുകളുടെ കരിക്കുലത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി സർവ്വകലാശാലകളിൽ തൊഴിൽ നൈപുണ്യത്തോടുകൂടി വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കുന്നതിന് ബോർഡ് ഓഫ് സ്റ്റഡീസ് അക്കാദമിക് കൗൺസിൽ എന്നീ സമിതികൾ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

**എ) കേരള സർവ്വകലാശാല**

കേരള സർവ്വകലാശാലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി Students Amenity Building, പുതിയ Canteen Building, PlatinumJubilee Multipurpose Indoor Court എന്നിവയുടെ പണി State House Campus-ൽ പൂർത്തിയായിട്ടുണ്ട് .കാര്യവട്ടം കാമ്പസിൽ Platinum Jubilee Academic Complex, Multipurpose Seminar Hall എന്നിവയുടെ പണിയും വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ നവീകരണവും ധ്രുതഗതിയിൽ നടന്നുവരുന്നു. കാര്യവട്ടം കാമ്പസിൽ അത്യന്താധുനിക ഗവേഷണ പരീക്ഷണശാലയായ SICC(Sophisticated Instrumntation and Computation Centre) സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. NMR(Nuclear Magnetic Resonanc Spectrometer )പോലുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.Kerala University Technology Business Start up Centre സ്ഥാപിച്ചിട്ടുണ്ട്.

ആർട്സ് ആൻറ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായിUGC മികച്ച കോളേജുകൾക്ക് College with Potential for Excellence എന്ന പദവി നൽകുകയും അവയ്ക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം കോളേജുകളുടെ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടം സർവ്വകലാശാലാ തലത്തിലാണ് നടക്കുന്നത്.

കേരള സർവ്വകലാശാലയിലെ അംഗീകരിച്ച ആർട്സ് ആൻറ് സയൻസ് കോളേജുകളിലെ ഗവേഷണകേന്ദ്രങ്ങൾക്ക് എല്ലാ വർഷവും പരമാവധി 50,000/- രൂപ വീതം നിബന്ധനകൾക്കനുസരിച്ച് ഗവേഷണ ഗ്രാൻറായി നൽകിവരുന്നു. യു.ജി.സി. അംഗീകാരമുള്ള കോളേജുകളിലെ Lab, Library എന്നിവ വിപുലീകരിക്കുന്നതിന് ധനസഹായത്തിനായുള്ള അപേക്ഷകൾ സർവ്വകലാശാല വഴി യു.ജി.സി.ക്ക് സമർപ്പിക്കുന്നു.

**ബി) എം.ജി.സർവ്വകലാശാല**

റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്ര വകുപ്പുകളിൽ രണ്ടുകോടി അറുപതു ലക്ഷം രൂപ ചെലവിൽ ലാബുപകരണങ്ങൾ വാങ്ങുന്ന പദ്ധതി, എല്ലാ പഠന വകുപ്പുകളിലുമായി 14 സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിക്കുന്ന പദ്ധതി , ക്യാമ്പസ് WiFi, ലബോറട്ടറി സമുച്ചയം ഉൾക്കൊള്ളുന്ന അക്കാഡമിക് കൺവർജൻസി സെന്റർ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായിവരുന്നു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 179 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾക്കുള്ള അനുമതിക്കായി വിശദമായ രൂപരേഖ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**സി) കാലിക്കറ്റ് സർവ്വകലാശാല**

കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലെ പഠനവകുപ്പുകളുടെ നിലവാരം ഉയർത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട അഞ്ച് പഠന വകുപ്പുകൾക്ക് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട് . ഇത് കൂടാതെ സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങളുടെയും ഗവേഷണ സൗകര്യങ്ങളുടെ1-6 യും വികസനത്തിനായി തനത് വർഷത്തെ ഗ്രാൻറിൽ നിന്നും നിർമാണപ്രവർത്തനങ്ങൾക്കായി 12.31 കോടി രൂപയും ഫർണിച്ചർ വാങ്ങുന്നതിനും ലൈബ്രറിയിൽ പുസ്തകം വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ വീതവും സെമിനാറിനും ശില്പശാലയ്ക്കുമായി 50 ലക്ഷം രൂപയും കൂടാതെ സർവ്വകലാശാലാ പഠന വകുപ്പുകളുടെ വികസനത്തിനായി 10.19 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി(നിർമ്മാണ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കും പുസ്തകങ്ങളും ഉപകരണങ്ങളും) റൂസയിൽ നിന്നു 20 കോടി അനുവദിച്ചിട്ടുണ്ട് .

**ഡി) കണ്ണൂർ സർവ്വകലാശാല**

യു.ജി.സി. കേരള സംസ്ഥാന പദ്ധതി വിഭവം, RUSA വിഭവം എന്നിവ വിനിയോഗിച്ചു അടിസ്ഥാന സൗകര്യങ്ങളും, ഗവേഷണകേന്ദ്രങ്ങൾക്ക് സൗകര്യങ്ങളും വർദ്ധിപ്പിക്കാനായി നടപടിക്രമങ്ങൾ നടത്തിവരുന്നു. ഗവേഷണത്തിന് പ്രാമുഖ്യം നൽകാനായി , ഐ.ക്യു.എ.സി.യും റിസർച്ച ഡയറക്ടറേറ്റും പ്രവർത്തിച്ചു വരുന്നു.

**ഇ) ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി**

ഗവേഷകർക്കായി ഹോസ്റ്റൽ പണികഴിപ്പിച്ചിട്ടുണ്ട്. വൈഫൈ ക്യാമ്പസാക്കി സർവ്വകലാശാല ആസ്ഥാനത്തെ മാറ്റിയിട്ടുണ്ട് . ഇതിലൂടെ 24 മണിക്കൂറും ഗവേഷണാവശ്യത്തിനായി ഗവേഷകർക്ക് ഇൻറർനെറ്റ് കണക്റ്റിവിറ്റി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ലൈബ്രറി സമയം രാവിലെ 8 മുതൽ വൈകിട്ട് 8 വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.

**എഫ്) കൊച്ചിൻ യൂണിവേഴ്സിറ്റി**

കൊച്ചി സർവ്വകലാശാല തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾക്കൊപ്പം തന്നെ പാരമ്പര്യ കോഴ്സുകളും നടത്തിവരുന്നു.2018-19 അക്കാദമിക് വർഷത്തിൽ പുതിയതായി Physics, Chemistry, Mathematics, Statistics വിഷയങ്ങളിൽ Integrated PG കോഴ്സുകൾ ആരംഭിക്കുന്നുണ്ട്.

**ജി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവൽസ്)**

അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് പലവിധ വികസന പ്രവർത്തനങ്ങളും നുവാൽസിൽ നടത്തുന്നുണ്ട് (ഓഫീസ് ഓട്ടോമേഷൻ, വൈഫൈ).

സെക്ഷൻ ഓഫീസർ